# AMRITA VIDYALAYAM

## HALF YEARLY EXAMINATION 2017 - '18

**Class : IX** **Marks : 80**
**Time : 2 ½ hrs**

# മലയാളം

| |
|---|
| എ വിഭാഗം – 10 മാർക്ക് |
| ബി വിഭാഗം – 16 മാർക്ക് |
| സി വിഭാഗം – 17 മാർക്ക് |
| ഡി വിഭാഗം – 37 മാർക്ക് |

## എ വിഭാഗം

**I. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** **10**

സാഹിത്യം, അത് കിഴക്കായാലും പടിഞ്ഞാറായാലും പ്രശസ്തമായിരിക്കുന്നത് വിശിഷ്ട സ്ത്രീകഥാപാത്രങ്ങളിലൂടെയാണ്. രാമായണം രാമന്റെ കഥയാണ് എന്ന് പറയാറുണ്ട്. 'രാമസ്യ അയനം രാമായണം' എന്ന പദക്കൂട്ടം നോക്കുക. എന്നാൽ രാമായണം സീതായനമാണെന്ന് അറിവുള്ളവർ തലകുലുക്കി സമ്മതിക്കും. സീതയുടെ ജീവിതത്തിലൂടെയാണ് രാമായണം വികസിക്കുന്നതും അർത്ഥപുഷ്കലത നേടുന്നതും. രാമായണത്തിൽനിന്ന് മഹാഭാരതത്തിലേക്ക് കടന്നാലോ, എണ്ണംകൊണ്ട എത്ര മഹതികളാണ് മഹാഭാരതത്തിൽ! കുന്തി, ഗാന്ധാരി, തുടങ്ങിയ സ്ത്രീ കഥാപാത്രങ്ങൾ മഹാഭാരതത്തെ ഇതിഹാസമാക്കി മാറ്റുന്നു. പുരാണത്തിലേക്ക് കടന്നാലോ? സാവിത്രിയും മറ്റും തേജസ്വിനികളായി ശോഭിക്കുകയാണ്. ഇതിഹാസത്തിൽനിന്നുള്ള സ്ത്രീകഥാപാത്രങ്ങളെ ഉജ്ജ്വലതേജസ്സോടെ

അവതരിപ്പിക്കുന്ന പുസ്തകങ്ങളാണ് കാളിദാസന്റെ അഭിജ്ഞാനശാകുന്തളവും മറ്റും. സാമൂഹ്യജീവിതത്തിൽ സ്ത്രീ അബലയും അവശയും അടിമയുമാണ്. എന്നാൽ സാഹിത്യത്തിൽ സ്ത്രീത്വത്തെ അവഗണിക്കുന്ന ഒരു കഥാപാത്രത്തിനുപോലും ചിരസ്ഥായികർമ്മമില്ല. സാഹിത്യത്തിലെ സ്ത്രീ ശാലീനയാണ്. കുലീനയാണ്. പുരുഷന്മാരുടെ മേന്മപോലും സ്ത്രീകളിലൂടെയാണെന്ന് സമർത്ഥിക്കാനാണ് അവർക്ക് ഇഷ്ടം. പൗരസ്ത്യസാഹിത്യത്തിലും പാശ്ചാത്യസാഹിത്യത്തിലും ഒരേ സ്ഥിതിയാണുള്ളത്. യഥാർത്ഥ ജീവിതത്തിൽ സ്ത്രീ പുരുഷാധിപത്യത്തിന് കീഴിൽ അടിച്ചമർത്തപ്പെടുകയാണ്. എങ്കിലും സാഹിത്യത്തിൽ അവൾ അനശ്വരയാക്കപ്പെടുകയാണ്.

1. സാഹിത്യത്തിന്റെ പ്രശസ്തി നിക്ഷിപ്തമായിരിക്കുന്നത് എവിടെയാണ്?
2. രാമായണം രാമന്റെ അയനമെന്നതിലുപരി സീതായനമാണ് എന്ന് അറിവുള്ളവർ സമ്മതിക്കുന്നതെന്തുകൊണ്ട്?
3. മഹാഭാരതത്തെ ഇതിഹാസമാക്കി മാറ്റുന്നതിനു സഹായകമായ സ്ത്രീകഥാപാത്രങ്ങളേവ?
4. സാഹിത്യത്തിലെ സ്ത്രീയും യഥാർത്ഥജീവിതത്തിലെ സ്ത്രീയും തമ്മിലുള്ള വ്യത്യാസങ്ങൾ തന്നിരിക്കുന്ന ഭാഗത്തുനിന്നും കണ്ടെത്തി എഴുതുക.
5. കാളിദാസന്റെ അഭിജ്ഞാനശാകുന്തളം പോലുള്ള കൃതികളുടെ പ്രത്യേകതയെന്ത്?

## ബി വിഭാഗം

**II. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക. 8**

1. മാലിന്യവിമുക്ത കേരളം
2. വൃദ്ധസദനങ്ങൾ ഇന്ന് അനിവാര്യമോ
3. വിദ്യാർത്ഥികളും അച്ചടക്കവും

**III.** **നിങ്ങളുടെ പ്രദേശത്തുള്ള ഏതെങ്കിലും ഒരു പരിസ്ഥിതിപ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പത്രാധിപർക്ക് ഒരു കത്ത് തയ്യാറാക്കുക.** **8**

## സി വിഭാഗം

**IV.** **പ്രയോഗം മാറ്റുക.** **2**

മനുഷ്യബന്ധങ്ങളിൽ ഊന്നിക്കൊണ്ടുള്ള മനുഷ്യാവസ്ഥകളാണ് മാധവിക്കുട്ടി വിശകലനം ചെയ്തത്.

**V.** **അംഗ-അംഗി വാക്യം വേർതിരിക്കുക.** **2**

നദിയിൽനിന്നു മനസ്സോടെ എങ്ങനെ കാതോർക്കണമെന്ന് സിദ്ധാർത്ഥൻ പഠിച്ചു.

**VI.** **വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക.** **2**

വിജയവും പരാജയവും ജീവിതത്തിൽ സംഭവിക്കുക പതിവാണ്.

**VII.** **തെറ്റുണ്ടെങ്കിൽ തിരുത്തുക.** **2**

അയാൾ നിശ്ശബ്ദനായ ഒരു ശ്രോതാവും കേൾവിക്കാരനുമായി പറഞ്ഞതെല്ലാം ഉൾക്കൊണ്ടു.

**VIII.** **'ദീപപ്രഭ' എന്ന പദം വിഗ്രഹിക്കുന്നതെങ്ങനെ?** **1**

(ദീപവും പ്രഭയും, ദീപമാകുന്ന പ്രഭ, ദീപത്തിന്റെ പ്രഭ)

**IX.** **പര്യായപദം കണ്ടെത്തുക.** **2**

1. ശത്രു (അരി, രിപു, ഹരി, വൈരി)
2. മൃത്യു (മരണം, രണം, ചരമം, നിര്യാണം)

**X.** **വിപരീതപദം കണ്ടെത്തുക.** **2**

1. ശുഭം (സശുഭം, അശുഭം, വിശുഭം)
2. ആശ്രയം (നിരാശ്രയം, പരാശ്രയം, ശ്രയം)

**XI.** **നാനാർത്ഥപദങ്ങൾ എടുത്തെഴുതുക.** **2**

1. പൊരുൾ (അർത്ഥം, മിഥ്യ, സത്യം)
2. ജാലം (ജലം, ജാലവിദ്യ, കൂട്ടം)

## XII. അർത്ഥവ്യത്യാസം കണ്ടെത്തുക. 2

1. ക്ഷതി – ക്ഷിതി (നാശം, സ്വർഗ്ഗം, ഭൂമി)
2. മാല – മാല് (ഹാരം, ശരീരം, ദുഃഖം)

# ഡി വിഭാഗം

## XIII. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 5

1. പുഞ്ചിരിയാകുന്ന തൂനിലാവേറ്റ് ഉല്ലസിക്കുന്ന ആമ്പൽ ഏത്?
   (കർണങ്ങൾ, ചിത്തം, കണ്ണുകൾ)
2. 'ചകലാസ്' എന്ന പദത്തിന്റെ അർത്ഥം എടുത്തെഴുതുക
   (പുതപ്പ്, കമ്പിളിപ്പുതപ്പ്, കടലാസ്)
3. 'വിശ്വം ദീപമയം' എന്ന ശീർഷകം ഉള്ളൂരിന്റെ ഏതു കവിതയിലെ വരികളിൽ നിന്ന് എടുത്തിട്ടുള്ളതാണ്?
   (പ്രേമസംഗീതം, വീണപൂവ്, താമരത്തോണി)
4. ശ്രീകൃഷ്ണന്റെ ജനനം മുതൽ മരണംവരെ അവതരിപ്പിക്കുന്ന കാവ്യം ഏത്?
   (ഭാഗവതം, കൃഷ്ണഗാഥ, ജ്ഞാനപ്പാന)
5. സിദ്ധാർത്ഥ എന്ന നോവലിന്റെ രചയിതവ് ആര്?
   (ഹെർമൻ ഗുണ്ടർട്ട്, ഹെർമൻ ഹെസ്സെ, ഒ.വി.വിജയൻ)
6. കൃഷ്ണഗാഥ എന്ന കൃതിക്ക് കവി ആശ്രയിച്ച കൃതി?
   (രാമായണം, ഭാഗവതം, മഹാഭാരതം)
7. ശുഭം പ്രതീക്ഷിപ്പവന് രാവുപോലും എന്താവും എന്നാണ് കവി പറയുന്നത്?
   (രാത്രിപോലെ, പകൽപോലെ, സയാഹ്നംപോലെ)
8. ഉള്ളൂർ രചിച്ച മഹാകാവ്യം ഏത്?
   (പിംഗള, താരഹാരം, ഉമാകേരളം)
9. വാസുദേവൻ സിദ്ധാർത്ഥന്റെ കാതുകളിൽ മന്ത്രിച്ചത്?
   (നദിയെക്കുറിച്ച്, കടത്തുകാരനെക്കുറിച്ച്, ഓങ്കാരം)
10. ഗോപി എന്തിന്റെ പ്രതീകമാണ്?
    (ആധുനിക കാലത്ത് സമൂഹത്തിൽ
    സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റത്തിന്റെ പ്രതീകം,

നന്ദികേടിന്റെ പ്രതീകം, ഒഴിഞ്ഞുമാറലിന്റെ പ്രതീകം)

**XIV. ഉത്തരമെഴുതുക.** **24**

1. നദി സിദ്ധാർത്ഥന് നൽകിയ അറിവുകൾ എന്തെല്ലാമാണ്? വിശകലനം ചെയ്യുക.
2. ഗോപിയിലെ മകനെ നിങ്ങൾ വിലയിരുത്തിയതെങ്ങനെ?
3. അമ്പാടിയിലെത്തുന്ന അക്രൂരന്റെ പെരുമാറ്റം എത്രമാത്രം സ്വാഭാവികമാണ്? വിശദമാക്കുക.
4. ജീവിതത്തിൽ നിരാശയും പരാജയവും ഉണ്ടാകുന്നതിനു കാരണമെന്ത്?
5. 'ശുഭാപ്തി വിശ്വാസമാണ് ജീവിതത്തെ മുന്നോട്ടു നയിക്കുന്നത്' വ്യക്തമാക്കുക.
6. ചമൽക്കാരഭംഗി കണ്ടെത്തുക.
   അക്രൂരമായൊരു മാനസം പൂണ്ടുള്ളൊ–
   രക്രൂരനാകിയ യാദവന്താൻ.

**XV. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** **8**

1. ബാല്യകാലത്തുതന്നെ ബിലേയിൽ ഒരു സിദ്ധന്റെ ലക്ഷണം തെളിഞ്ഞുനിന്നുവെന്ന് പറയുന്നത് എന്തുകൊണ്ട്?
2. സ്വാമി വിവേകാനന്ദന്റെ കുടുംബപശ്ചാത്തലം എങ്ങനെയുള്ളതായിരുന്നു?
3. ശ്രീരാമകൃഷ്ണപരമഹംസൻ നരേന്ദ്രന്റെ വ്യക്തിത്വത്തെ പരീക്ഷിച്ചതെങ്ങനെ?